

# നസ്രാണിസ്ത്രീകൾ

**നസ്രാണിസ്ത്രീകൾ കുടുംബത്തിൽ വിശേഷവിധിയായ ബഹുമാന്യസ്ഥാനം അലങ്കരിക്കുന്നു. സാധാരണ നടപ്പനുസരിച്ചു് ഇവർക്കു കുടുംബത്തിൽ ഉടമസ്ഥത ഇല്ല. എന്നാൽ ഇവർ കുടുംബസ്വത്തു മുഴുവൻേറയും സൂക്ഷിപ്പുകാരും കാര്യക്കാരുമാണു്.**

**(മിസ്സസ്സ് മറിയക്കുട്ടി ജോൺ ബി. ഏ. ബി. എൽ)**

“നസ്രാണിസ്ത്രീകൾ” ഇവർക്കു ഒരു പ്രത്യേക വ്യക്തിത്വമുണ്ടു്. മുൻകാലങ്ങളിൽ ഇവരെ മററു സമുദായങ്ങളിൽപ്പെട്ട സ്ത്രീകളിൽനിന്നും തിരിച്ചറിയുന്നതിനു് പ്രയാസമുണ്ടായിരുന്നില്ല. ആറും ഏഴും വാര നീളമുള്ള ശുഭ്രമായ കച്ചമുറി പൂക്കുലപോലെ ഞൊറിഞ്ഞു് പൃഷ്ഠഭാഗം മറച്ചും കാൽപാദങ്ങൾവരെ മൂടിയും, അതുപോലെതന്നെശുഭ്രമായി കൈപ്പത്തിവരെ നീണ്ടുകിടക്കുന്ന ചട്ടയും, കാതിൽ മേക്കാമോതിരവും കാലിൽ തളയും, കഴുത്തിൽ കാശുകോർമ്പലും, കയ്യിൽ കാപ്പും അണിഞ്ഞു് വീതിയുള്ള വെള്ളനേരിയതിൽ കസവോ കരയോ ചേർത്ത ഒരു മേൽമുണ്ടു് തലമൂടിപ്പുതച്ചു് കൈയ്യിൽ ഒരു പ്രാർത്ഥനപുസ്തകവുമായി ദേവാലയത്തിലേക്കു് പോകുന്ന ഒരു സ്ത്രീ ഏതു സമുദായത്തിൽപ്പെട്ടവൾ എന്നു തെററിധരിക്കുക സാധ്യമല്ലല്ലോ. എന്നാൽ വേഷഭൂഷണാദികളിൽ വന്നുപോയിട്ടുള്ള വ്യത്യാസംകൊണ്ടു് ഇന്നു ഇവരെ തിരിച്ചറിയുക ക്ഷിപ്രസാദ്ധ്യമല്ലാ. കച്ചമുറിയും ചട്ടയും തറവാടിത്വത്തിൻെറ ചിഹ്നമായി അമ്മമാർ നിലനിർത്തിപോരുന്നുവെങ്കിലും പെൺമക്കൾ എല്ലാവരുംതന്നെ സാരിയും ബ്ളൗസുമാണു് വീട്ടിനകത്തും പുറത്തും ഉപയോഗിക്കുന്നതു്. കുണുക്കും വാളികയും അന്തർദ്ധാനം ചെയ്തു എന്നുതന്നെ പറയാം. കൊന്തയോ കാശുകോർമ്പലോ പത്താക്കമാലയോ ഇന്നില്ല. അതിനു പകരം കല്ലുകൾ പതിച്ചതും പതിക്കാത്തതുമായി വിവിധതരത്തിലുള്ള കണ്ഠാഭരണങ്ങൾ ഉപയോഗിച്ചുവരുന്നു. കാപ്പുകളുടേയും കടകങ്ങളുടേയും സ്ഥാനത്തു ഗ്ളാസ്സു ഉൾപ്പെടെ പല മാതിരി വളകൾ കാണപ്പെടുന്നു. കൊച്ചു പെൺകുട്ടികൾപോലും കാലിൽ തള ധരിക്കുന്നില്ല. നീട്ടി വളർത്തിയ കാതും കാതിലയും പശ്ചിമാബ്ധിയിൽ താണുപോയി എന്നുതന്നെ പറയാം. വെൺമഞ്ഞുപോലെ ശുഭ്രമായ വെള്ളവസ്ത്രത്തിനുപകരം മഴവില്ലുകളിൽ കാണപ്പെടുന്നതുപോലെ എല്ലാ നിറങ്ങളും ഒരേ സമയത്തു ഉൾക്കൊള്ളുന്ന സാരികളും ബ്ളൗസ്സുകളും ഇന്നു ധരിച്ചുപോരുന്നു. ഇങ്ങനെ ബാഹ്യമായ രീതിയിൽ ഒററ നോട്ടത്തിനു ഇന്നു നസ്രാണിസ്ത്രീകളെ തിരിച്ചറിയുവാൻ കഴിഞ്ഞില്ലായെന്നു വന്നേക്കാം. എന്നിരുന്നാലും സൂക്ഷ്മദൃഷ്ട്യാ ഇവരുടെ മുഖം വീക്ഷിക്കുന്ന ഒരാൾക്കു ഇവരെ തിരിച്ചറിയുവാൻ പ്രയാസമുണ്ടാകയില്ല. പാശ്ചാത്യവും ഭാരതീയവുംകൂടി ഇടകലന്ന ഈ വേഷസംവിധാനത്തിനിടയിൽ അന്തർലീനമായി ചില ഗുണവിശേഷങ്ങൾ സ്ഫുരിച്ചുനിൽക്കുന്നതു കാണുവാൻ കഴിയും. അതായതു ധൈര്യവും സ്ഥൈര്യവും കൂടി ഒരേസമയത്തു ഇണചേന്ന വിനയം. ഇവിടയോ അവിടയോ കാണപ്പെടുന്ന ഒന്നോ രണ്ടോ വ്യക്തികളെയല്ല ഉദ്ദേശിക്കുന്നതു്, പിന്നയോ പ്രബലമായ ഒരു സമുദായത്തിൻെറ അസ്ഥിവാരമായ ബഹുഭൂരിപക്ഷം സ്ത്രീജനങ്ങളെ മുൻനിറുത്തിയാണു് ഈ പ്രസ്താവന ഞാൻ ചെയ്യുന്നതെന്നു് ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.



ലേഖനകർത്രി.

നസ്രാണിസ്ത്രീകളുടെ ജീവിതം തലമുറകളായി Stereotypedആയിരുന്നു. തിരിച്ചറിവിൻെറ പ്രായമാകുമ്പോൾ മാതാപിതാക്കന്മാർ തിരഞ്ഞെടുക്കുന്ന ഒരു പുരുഷനെ ഒരു പെൺകുട്ടി വിവാഹം കഴിക്കുന്നു. കത്തോലിക്കരെങ്കിൽ കന്യകാമഠങ്ങളിൽ പ്രവേശിക്കുക എന്ന മറെറാരു മാർഗ്ഗംകൂടി ഉണ്ടായിരുന്നു. ഇവ രണ്ടുമല്ലാതെ മൂന്നാമതൊരു ജീവിതരീതി സാധ്യമായിരുന്നില്ല. വിവാഹം ചെയ്യുന്ന സ്ത്രീകളുടെ പ്രവർത്തനരംഗം കുടുംബം മാത്രമായിരുന്നു. എന്നാൽ കാലത്തിൻെറ പുരോഗമനത്തോടുകൂടി നസ്രാണിസ്ത്രീകളും തങ്ങളുടെ വ്യക്തിവിലാസങ്ങൾക്കനുസരണമായി ജീവിതത്തിൻെറ വിവിധതുറകളിൽ പ്രവേശിച്ചു ഇന്നു സേവനം ചെയ്തുവരുന്നു.

നസ്രാണിസ്ത്രീകൾ കുടുംബത്തിൽ വിശേഷവിധിയായ ബഹുമാന്യസ്ഥാനം അലങ്കരിക്കുന്നു. സാധാരണ നടപ്പനുസരിച്ചുഇവർക്കു് കുടുംബസ്വത്തിൽ ഉടമസ്ഥത ഇല്ല. എന്നാൽ ഇവർ കുടുംബസ്വത്തു മുഴുവൻേറയും സൂക്ഷിപ്പുകാരും കൈകാര്യക്കാരുമാണു്. മിക്ക കുടുംബങ്ങളിലും ഭർത്താവു തൻെറ സമ്പാദ്യങ്ങൾ മുഴുവനും ഭാര്യയെ ഏൽപ്പിക്കുന്നു. ഈ സമ്പാദ്യങ്ങളെ സൂക്ഷിക്കുന്നതിലും ഒന്നിനു പത്തായി വിനിയോഗിക്കുന്നതിനും ഭാര്യ ജാഗരൂകയായിരിക്കുന്നു. സ്വന്തമായി സ്വത്തു സമ്പാദിക്കുക എന്നുള്ളതു നസ്രാണിസ്ത്രീകളുടെ പാരമ്പര്യമല്ലാ. ഭർത്താവിൻെറയും കുട്ടികളുടെയും സുഖസൗകര്യാദികൾക്കായി അദ്ധ്വാനിക്കുക എന്നതാണു് ഇവരുടെ ജീവിതത്തിൻെറ മുഖ്യമായ പരിപാടി. ഇവർ കുടുംബസ്വത്തുക്കളുടെ വിശ്വസ്ത കാവൽക്കാരും കുടുംബാംഗങ്ങളുടെ ആത്മമിത്രങ്ങളും പരിചാരകരുമാണു്. ഇവരെ കുടുംബാംഗങ്ങൾ ആരുംതന്നെ ഭയപ്പെടുന്നില്ല പക്ഷെ അത്യന്തം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. കുടുംബകാര്യങ്ങളിൽ നിസ്വാർത്ഥമായ ഇവരുടെ വിധി അപ്പനും മക്കളും ഒന്നുപോലെ ആദരിക്കുന്നു. കുടുംബത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി ഈ കുടുംബിനികൾ കാണിക്കുന്ന ധീരതയും സഹനവും അദ്വിതീയമാണു്. ഇന്നത്തെ മലബാർകുടിയേററംതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു. നാടിനേയും നാട്ടാരേയും ഉപേക്ഷിച്ചു ഭൂമിയുള്ള ഇടംതേടി അഞ്ചുംആറും കുഞ്ഞുകുട്ടികളുമായി കാട്ടാനയോടും കടുവായോടും പൊരുതി വമ്പിച്ചവനാന്തരങ്ങളെ ഒന്നാംകിട നാട്ടുമ്പുറങ്ങളാക്കി ചമയ്ക്കുന്ന നസ്രാണിസ്ത്രീകളുടെ ധീരത ചരിത്രകാരന്മാരുടെ പ്രകീർത്തിയെ അർഹിക്കും എന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയുണ്ടെന്നു എനിക്കു തോന്നുന്നില്ല.

നസ്രാണികളുടെ ഇടയിൽ പെൺകുട്ടികളെ വിലയേറിയ സ്വത്തായി കരുതിപോരുന്നു. പെൺകുട്ടികൾ പിതാവിൻെറ പ്രത്യേകസ്നേഹഭാജനങ്ങളാണു്. ഇതു നമ്മുടെ പുരാതന പാട്ടുകളിൽനിന്നുതന്നെ കാണാവുന്നതാണു്.

ആൺകുട്ടികൾ മാതാവിനോടുകൂടി അകത്തു സഹവസിച്ചു കൊണ്ടിരിക്കുമ്പോൾ പെൺകുട്ടികൾ പിതാവിനോടുകൂടി പുറത്തു സല്ലപിച്ചുകഴിച്ചുകൂട്ടുന്ന കാഴ്ച നമ്മുടെ ഇടയിൽ സാധാരണമാണു്. പിതാവിൻെറ സ്നേഹം പെൺകുട്ടികൾ വിവാഹപ്രായമാകുന്നതോടുകൂടി വർദ്ധിക്കുന്നതേയുള്ളു. എന്തു ത്യാഗവും സഹിച്ചിട്ടും തൻെറ ഓമനമകളെ സുഖസൗകര്യാദികൾ നിറഞ്ഞ ഒരു മേന്മയേറിയ കുടുംബത്തിൽ സർവ്വാദരണീയനായ ഒരു പുരുഷനു വിവാഹം ചെയ്തുകൊടുക്കണമെന്നാണു് പിതാവിൻെറ നോട്ടം. ഇതിൽനിന്നു ഉണ്ടാക



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ന്ന ബുദ്ധിമുട്ടോ പണച്ചിലവോ ഈ പിതാവു പരിഗണിക്കുന്നില്ല.

‘‘അന്യാദൃശ്യഗുണോൽകൃഷ്ട
പുണ്യപുരുഷവര്യരിൽ
കന്യകാസമർപ്പണംകൊണ്ടു
ധന്യരാമച്ഛനമ്മമാർ’’ എന്നു കുമാരനാശാൻ പറഞ്ഞിട്ടുള്ളതു ഒരു നസ്രാണിപിതാവിനെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി ശരിതന്നെ. ഇതുകൊണ്ടുതന്നെയാണ് പലപ്പോഴും മക്കളിൽ എന്നതിനേക്കാൾ കൂടുതലായി ജാമാതാക്കളിൽ ഈ പിതാക്കന്മാർ അഭിമാനംകൊള്ളുന്നതും. ഒരു നസ്രാണികുടുംബത്തിൽ മകളുടേയും അവളുടെ കുട്ടികളുടേയും ആഗമനം ഒരു ഉത്സവത്തിനു സമമാണ്.

പെൺകുട്ടികൾ ഇത്ര വലിയ ലാളനയോടുകൂടി പരിരക്ഷിക്കപ്പെടുന്നവരാണെങ്കിലും വിനയത്തിലും അടിയുറച്ച ദൈവഭയത്തിലുമാണ് ഇവർ വളർത്തപ്പെടുന്നതു്. ഇവരുടെ വളർത്തലിന്റെ ഈ ഭാരം മിക്കവാറും മാതാക്കളിലാണ് സ്ഥിതിചെയ്യുന്നതു്. തന്നെ ഓമനിക്കുന്ന പിതാവിനെ സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും അമ്മ ചെറുപ്പത്തിലെ തന്നെ മകളെ പഠിപ്പിക്കുന്നു. കുടുംബത്തിലും വെളിയിലും അച്ചടക്കത്തോടുകൂടി പെരുമാറുന്നുണ്ടോയെന്നു മാതാവു പ്രത്യേകം സൂക്ഷിക്കുന്നു. സംസാരശക്തി ലഭിക്കുന്ന കാലംമുതൽ കുരിശുവരയും പ്രാർത്ഥനയും പെൺകുട്ടികളെ പ്രത്യേക വിധിയായി പരിശീലിപ്പിക്കുന്നു. കുടുംബത്തിലെ പ്രാർത്ഥനകളുടെയെല്ലാം സംഹിത പ്രായേണ ഇവർ കരസ്ഥമാക്കുന്നു. പരമമായ ദൈവത്തെ മുൻനിറുത്തി എല്ലാ കാര്യങ്ങളും പ്രവർത്തിക്കുന്നതിനും ദൈവഹിതത്തിനു എതിരായ കാര്യങ്ങളിൽ മനുഷ്യതാൽപര്യങ്ങളെ അവഗണിക്കുന്നതിനുമുള്ള ഒരു കെൽപ്പു ഈ പെൺകുട്ടികൾ ചെറുപ്പത്തിലെതന്നെ വശമാക്കുന്നു. ഈ കെൽപ്പു ജീവിതകാലം മുഴുവനും തങ്ങളോടുകൂടി സൂക്ഷിക്കയും മക്കൾവഴി പിൻതുടർച്ചയായി ഭാവിപരമ്പരകൾക്കു പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഈ ഗുണവിശേഷങ്ങളെയാണ് ധൈര്യവും സ്ഥൈര്യവും ഇടകലർന്ന വിനയമെന്നു ഞാൻ വിവക്ഷിച്ചിട്ടുള്ളതു്.

നസ്രാണിസ്ത്രീകൾ താരതമ്യേന നേരത്തെതന്നെ ഉന്നത വിദ്യാഭ്യാസം ചെയ്തു. നമ്മുടെ കേരളക്കരയിൽനിന്നും ലോകത്തിന്റെ നാനാഭാഗത്തും വിവിധജോലികളിൽ ഇന്നു ഇവർ ഏർപ്പെട്ടിരിക്കുന്നു. വേദപ്രചാരത്തിനും സാമൂഹ്യപ്രവർത്തനങ്ങൾക്കുമായി സന്യാസസഭകളിൽചേർന്നു വിദൂരങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നസ്രാണിസ്ത്രീകളുടെ എണ്ണം വലുതാണ്. അതുപോലെതന്നെ ഉപരിപഠനാർത്ഥം അമേരിക്കാ, ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുന്നവരും നമ്മുടെ കൂട്ടത്തിലുണ്ടു്. എവിടെ സഞ്ചരിച്ചാലും ഏതു തുറകളിൽ വ്യവഹരിച്ചാലും സ്വഭാവശുദ്ധിയിൽ ഇവർ അദ്വിതീയകളാണ്.

നസ്രാണിസ്ത്രീകൾക്കു കുടുംബസ്വത്തിനു അവകാശമില്ല. സ്ത്രീധനതുകയ്ക്കു മാത്രമെ നിയമത്തിൽ വ്യവസ്ഥയുള്ളു. ഇതു അയ്യായിരം രൂപയാണ് പരമാവധി അനുവദിച്ചിട്ടുള്ളതു്. കൊച്ചിയിൽ നിയമത്തിനു വ്യത്യാസമുണ്ടെങ്കിലും തിരുവിതാംകൂറിലെപ്പോലെതന്നെ സ്ത്രീധനസമ്പ്രദായമാണ് ഇവിടെയും നടപ്പിലിരിക്കുന്നതു്. സ്ത്രീധനം കൊടുക്കാതെയിരുന്നാൽ ഈ തുക കുടുംബവസ്തുവിൽ ഒരു ചാർജ്ജായിരിക്കും. സ്ത്രീധനം എന്നു പറയപ്പെടുന്ന തുക അതിന്റെ ഉടമസ്ഥരായ സ്ത്രീകൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നില്ല. അതു ഭർത്താവിന്റെ കുടുംബത്തിൽ ലയിച്ചുപോകുന്നു. അല്ലാത്തപക്ഷം ഭർത്താവു സ്വന്തനിലയിൽ ഉപയോഗിക്കുന്നു. ഈ തുകയെ സംബന്ധിച്ചു ഭർത്താവിന്റെ കുടുംബമോ ഭർത്താവോ സ്ത്രീക്കു യാതൊരു ജാമ്യവും നൽകുന്നുമില്ല. ഇൻഡ്യൻപിൻതുടർച്ചാവകാശനിയമം പാർട്ടുബിസ്റ്റേറ്റുകളിലേക്കു നിയമമാക്കിയതോടുകൂടി പെൺമക്കൾക്കും കുടുംബസ്വത്തിൽ തുല്യമായ അവകാശം അനുവദിക്കുന്നുണ്ടു്. ഏട്ടിലെ നിയമങ്ങൾ എങ്ങിനെയിരുന്നാലും തലമുറകളായി നടന്നുവരുന്ന സ്ത്രീധനസമ്പ്രദായം നസ്രാണികൾ ഉപേക്ഷിക്കുമോയെന്നു കണ്ടുതന്നെ അറിയേണ്ടിരിക്കുന്നു.

‘‘എണ്ണമേറുങ്ങിരുന്നൂറുമൊ–
രുന്നൂറും
നിന്നോരിടപ്പണത്തുക്കമ–
ക്കാഞ്ചനം
പൊന്നുംതളമണിമാലകൾ–
മോതിരം
എന്നല്ലാ ചേടിമാരെക്കൂടിന–
ൽകണം’’

എന്നു പുരാതനപ്പാട്ടുകളിൽ പറയുന്ന രീതിതന്നെയാണല്ലോ ഇന്നും നമ്മുടെ ഇടയിൽ നടപ്പുള്ളതു്. (സ്ത്രീധനസമ്പ്രദായം ആശാസ്യമോ അനാശാസ്യമോയെന്നു ഇന്നും സമുദായത്തിൽ അഭിപ്രായവ്യത്യാസമുള്ള ഒരു സംഗതിയാണ്.)

ആകാരസൌഷ്ഠവത്തിലും നിറത്തിലും നസ്രാണി തങ്ങളുടെ ഹിന്ദുസഹോദരികളോടു സാധർമ്മ്യം വഹിക്കുന്നു.

---

(250–ാം പേജ് തുടർച്ച)

ആദവുമവുറാഹം ദാവീദി–
നോടും
ആദിയിലാണ്ടവൻ ചൊല്ലി–
തികപ്പാൻ
ആദ്യവചനമായുള്ളോരുദേവൻ
ആദിപിതാവിന്റെ നന്ദന–
ൻക്രിസ്തു
കന്യകനന്ദനനായിജനിച്ചു
മാനുഷരൂപം ധരിച്ചുനടന്നു.

വേറൊന്ന്:–

വിസ്മയ സ്വയംബരം

പൂർവ്വദിക്കരശന്മാർ–
സർവ്വേശാതിരുതാരം
കിഴക്കിൽനിന്നുളവായി–
വഴികാട്ടിപ്പുറപ്പെട്ടു.
രക്ഷകൻതനിക്കായി–
നിക്ഷേപിച്ചിരുന്നോരു
ഭണ്ഡാരമെടുത്തുഭൂ–
മണ്ഡലെനടകൊണ്ടു.
വമ്പരാമരശന്മാർ—
വമ്പോടെപുറപ്പെട്ടു
അശ്വാദിരഥനാദം–
വിശ്വത്തെഞെട്ടിച്ചും
ഒട്ടകംഗജസംഘം—
ഒട്ടേറെകഴുതയും
ഢമ്മാനംപെരുമ്പറ–
തമ്പേറുംതകിൽവാദ്യം
വീരമദ്ദളംനല്ല—
ഉരുൾചെണ്ടപെരുന്തുടി
ഭേരിമുരജനാദം–
ഭീരുപടഹശബ്ദം
ചെങ്കിൽചികുഴലൊച്ച—
ശംഖുംചെല്ലരിപ്പറ
വീണയിൽമണിനാദം–
പാണിയിലിടിക്കയും
ഡിണ്ഡിമകുടവാദ്യം–
എണ്ണുകിൽ പലതുണ്ട്
കാഹളംമുഴങ്ങിച്ചു–
ബഹുഭീമാരവങ്ങളും
വളകൊമ്പുമഴകേറും–
മുരളികളോടക്കുഴൽ
കണ്ണിന്നെരസിപ്പിക്കും–
പന്നഗധ്വനികളും.

തകിടിയാൻ സാധാരണ കവിത എഴുതിയിരുന്നതു വൈകുന്നേരമാണ്. നല്ലപോലെ താംബൂലചർവ്വണംചെയ്തും, ഒരു പക്ഷെ ‘‘കതിരസവാരി,’ കഴിഞ്ഞും, മുററത്തെ മണലിൽ അങ്ങെഴുതുകയായി – പിറേറന്ന് ഓലയിൽ പകർത്തുകയും. തകിടിയാന്റെ കവിതാംഗന സായംകാലത്തെ സ്വൈരമായി നൃത്തംചെയ്തിരുന്നുള്ളയെന്നാണ് ശ്രുതി.

## 15) നിധീരിമാണിക്കത്തനാർ
### 184:—1904

കുറവിലങ്ങാട്ടു് നിധീരി കുടുംബത്തിൽ 1842–മെയ് 27–ാംതീയതി ഇട്ടിയവിരായുടെ രണ്ടാംഭാര്യയായ റോസമ്മയുടെ മൂന്നാമത്തെ പുത്രനായി ജനിച്ചു.

ഇംഗ്ലീഷ്, പോർട്ടുഗീസ് സ്പാനിഷ്, ഇററാലിയൻ, ഫ്രഞ്ച് എന്നീ പാശ്ചാത്യഭാഷകളും സുറിയാനി, സംസ്കൃതം ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്ക്, എന്നീ പൗരസ്ത്യഭാഷകളും മലയാളഭാഷയ്ക്കു പുറമെ, മാണിക്കത്തനാർക്ക് വശമായിരുന്നു. നിധീരിക്കൊച്ചുമാണി പൂർവ്വജന്മത്തിൽ ഒരു ബ്രാഹ്മണനായിരുന്നുവെന്ന് ചില നമ്പൂരിമാർ പറയാറുണ്ടായിരുന്നു. അത്രയ്ക്ക് ഭാഷാശുദ്ധിയിലും സംഭാഷണത്തിലും, രചനയിലും കൊച്ചുമാണി വിദഗ്ദ്ധനായിരുന്നു.

കോട്ടയത്തു് കണ്ടത്തിൽ വറുഗീസ്മാപ്പിളയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭാഷാപോഷിണി സഭയുടേയും കവിസമാജത്തിന്റേയും പ്രാരംഭകർത്താവായി മാണിക്കത്തനാർ സ്വഭാഷാസേവനം നടത്തിയിട്ടുണ്ട്. 1893 ജൂലൈ 22—ാംതീയതി നടന്ന ഭാഷാപോഷിണിസഭയുടെ വാർഷികയോഗത്തിൽ ആദ്ധ്യക്ഷംവഹിച്ചതു് ഇദ്ദേഹമായിരുന്നു. കവിസമാജം 1892–ൽ ആണ് സ്ഥാപിതമായതു്. ഇതു് സംബന്ധിച്ച് കവിസഭാരഞ്ജനം എന്നൊരു നാടകം ചങ്ങനാശേരി രവിവർമ്മകോയിത്തമ്പുരാൻ രചിച്ചിട്ടുണ്ട്. അതിൽ സർവ്വതോമുഖപണ്ഡിതനായ മാണിക്കത്തനാരെപ്പററി ഇങ്ങനെ പറയുന്നു.

‘‘സത്തനായ നിധീരിക്കൽ–
വാണിടും
കത്തനാരവർകൾ വന്നിട്ട–
ന്നിതാ’’
‘‘പലപലവിഷയത്തിൽ ജ്ഞാ–
നമാലോചനസ്ഥായ്
ബലമുടയൊരു ബുദ്ധിപ്രൌഢി–
യെന്നുള്ളതെല്ലാം
നലമൊടുവിലസുന്നിക്കത്തനാ–
രിങ്ങിരിക്കു–
ന്നളവില പരനാരാണിന്നഭി–
പ്രായമേതാൽ’’

ഭാഷാപോഷിണിസഭയുടെ ഉപരക്ഷാധികാരികളായിരുന്ന രാജരാജവർമ്മകോയിത്തമ്പുരാൻ മറിയപ്പള്ളി വലിയതമ്പുരാൻ എന്നിവരുടെഗണത്തിൽ തിരഞ്ഞെടുക്കപ്പെട്ടതിൽനിന്ന്, മാണിക്കത്തനാർക്ക് ഭാഷാ സാഹിത്യത്തിലുണ്ടായിരുന്ന സ്ഥാനംഏതാണ്ട് ഊഹ്യമാണല്ലോ. ചുരുക്കത്തിൽ മാണിക്കത്തനാരെ ഒരുസാഹിത്യസവ്യസാചിയായിട്ടാണെന്നെല്ലാവരും പരിഗണിച്ചിരുന്നതു്. ചുവടെ ചേർക്കുന്നപദ്യം ഈ അഭിപ്രായത്തെ ദൃഢതരമാക്കുന്നു:–

‘‘ധന്യശ്രീരാജരാജൻ തിരു–
വടിനടുവത്തപ്പുറത്തങ്ങിതാസ–
മ്മാന്യശ്രീ നീലകണ്ഠൻ തക–
നുനിധിയിരിക്കുന്ന ദിക്കന്യ–
ദേശേ.
ഇന്നേവം പൂർണ്ണ്യോത്തര–
തരമൊടുശോഭിച്ചു കൈലാ–
സശൈല
ത്തിന്നൊക്കും നൽസ്സമാജം–

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ചിരമിഹ നിലനിലല്പട്ടെ-
നീക്കംവരാതെ."

ഭാഷാപോഷിണി സഭയുടെ ആറാമത്തെ സമ്മേളനം കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ നേതൃത്വത്തിൽ തിരുവനന്തപുരത്തുവച്ച് ആണ് നടന്നതു്. ആ സമ്മേളനത്തിൽ സംബന്ധിക്കാൻ തരപ്പെടാതെ വന്നതിനാൽ മാണിക്കത്തനാർ ഒരു മംഗളാശംസാസന്ദേശം അയച്ചുകൊടുത്തു. അതിപ്രകാരമാണ്.

"ഭാഷാപോഷിണി കല്പവ-
ല്ലിവനിതാ
ദോഷജ്ഞറാണീശനിൽ
ഭേഷായ് ചേൻപടന്നു സൂന-
നിരയാ
ശാഖാപടത്തീടണം
ശോഷാകാര വികാരഹീനമ-
വയിൽ
ഭൂഷാപൂഭാഷാംഗനാ
ശേഷാഹീശമഹീശദേശ സ-
ഭയാമേഷാജയിച്ചീടണം".

നിധീരിക്കൽ മാണിയച്ചൻ മററുകവികളുടെ കൂട്ടത്തിൽ ധാരാളം ഒററശ്ലോകങ്ങൾകൊണ്ടു് അക്കാലത്തെ മനോരമാപംക്തികളെ അലങ്കരിച്ചിട്ടുണ്ടു്. അവയിൽനിന്നു് രണ്ടെണ്ണം ഉദാഹരണത്തിനുദ്ധരിക്കാം.

"വെള്ളക്കാക്കൊരു വെള്ളി-
മാമലയതായ്
കൊള്ളുന്നപൂർവ്വാശയാം
തള്ളക്കാലടിവിട്ടു് തുള്ളിയുഴലും
വെള്ളശശിപ്പിള്ളയെ
പള്ളസ്സുള്ളിലെടുപ്പതിനു പൂ-
ളയും
കൊള്ളിക്കരിമ്പാമ്പുപോൽ
കള്ളപ്പേരുധരിച്ചു ഭ്രമിഴ-
ലിതാ
ചെല്ലുന്നമെല്ലെന്നഹോ!!
"അല്ലേകല്യക്ക് കല്പദ്രുമമതു-
പോൽ
മേവുമെൻഹൃദിമാഖ്യെ
ചൊല്ലേറും ചക്രപാണിത്ത-
രുവിനുഫലമായി
നിന്നിൽ വീണോരുപദ്യം
കല്ലേൽപുഷ്പങ്ങൾ കാട്ടംക-
വിവരരുടെനാ
വെന്നുചൊല്ലുന്നവണ്ണം
ചൊല്ലുന്നെന്നെക്കുറിച്ചുണ്ടതി-
നുകവിവരം
വന്ദനംചെയ്തിടുന്നേൻ"

അക്കാലത്തു് സാഹിത്യകാരന്മാരുമായി കവിതയിൽ ധാരാളം എഴുത്തുകുത്തുകൾ ഫാദർ നിധിരി നടത്തിയിട്ടുണ്ടു്. ഏരുമേലി ചക്രപാണി വാര്യരുടെ ഒരാഹ്വാനത്തിനു് മറുപടിയായിട്ടാണു് ഉദ്ധൃത പദ്യങ്ങളിലൊന്നു് എഴുതിയിട്ടുള്ളതു്. പ്രസ്തുത ചക്രപാണി വാര്യർ ഫാദർ നിധിരിക്കയച്ച ഒരു പഞ്ചമത്തിൽനിന്നു് ആദ്യത്തെ ശ്ലോകംകൂടി ഉദ്ധരിക്കാം:—

"നിധെർനിധിമിവസ്ഥാനെ
രാജരാജസ്യചെശ്വരഃ
ഭാരട്ടകത്ത്വ മാലോക്യ
ദ്വിധാചക്രെ സ്വയംഭൂവം"

പ്രസിദ്ധ വൈദ്യരായ എസ് കെ. വാര്യരുടെ അച്ഛൻ വെച്ചൂർ ശങ്കരവാര്യർ ബ. മാണിയച്ചനു് അയച്ച ഒരു ശ്ലോകംകൂടി ഉദ്ധരിച്ചുകൊള്ളട്ടെ.

"ശ്രീമൽ ക്രിസ്തുമതാവതംസം
ഭവത
സ്സൌജന്യചിന്താമണെ,
സ്സീമാതീത മുഖേന്ദു ബിംബ-
വിലസൽ
പീയൂഷ വാചാംലവൈ
ത്രപൂസ്യാമഹ മദ്യകഞ്ജരകര
ഭ്രഷ്ടാന്നലെ ശൈശ്യധാ
പോഷം യാതി പിപീലികാ-
കലമനാ
ലംബംവിളംബംവിനാ"

ഫാദർ നിധീരിയുടെ അനർഘങ്ങളായ ഒററ ശ്ലോകങ്ങളിൽ മറെറാന്നു കൂടി ഉദ്ധരിക്കാം.

സങ്കല്പത്രപേനനിന്നച്ചനിന്നെ
ഏങ്കല്പരംചേന്തു ലയിച്ചുഞാനും
പൊൻ കല്പവൃക്ഷക്കരിശിൻ-
ചുവട്ടിൽ
നിൻകല്പനസ്സായ് ബതകാത്തി
ടുന്നേൻ"

മറെറാന്നുകൂടി,

താരേശൻചാരുകാന്ത്യാകുമുദ-
നിരകളിൽ
തോഷമേകം വിധത്തിൽ
ചാരേച്ചേരും ജനത്തിന്നൊ-
രുപകൃതരിതം
പോലുമേശ തെന്നിത്യം
ധാരാളംധർമ്മബുദ്ധ്യാപരജന-
കരുണാ
മാരിപാരം ചൊരിഞ്ഞീ
പാരാളം പാരിജാതം പരി-
ഹിതകര
സൂരീന്ദ്രസാരാത്മരൂപം"

## കൃതികൾ.

### നാടകങ്ങൾ.

1) ശോഭരാജവിജയം

ളൂയീസ് മഹാരാജാവിനെപ്പററി എഴുതിയിരിക്കുന്ന ഈ നാടകത്തിൽനിന്നു് രണ്ടു് ശ്ലോകം മാതൃകയ്ക്കായി ഇവിടെ ഉദ്ധരിക്കാം.

"യോർദ്ദാങ്കൽ ദൈവപുത്രൻ-
തിരുവടിതലമേൽ
പ്രാവുപോലാവസിച്ചോൻ
വേദാഢ്യശിഷ്യർമേലും ദഹ-
നരസനഭാവം
വഹിച്ചുങ്ങ്ദിച്ചോൻ
മോദാത്ഥം കാവ്യമോതാൻമ-
മഹദിരസനാ-
ഗ്രത്തിലും വന്ദിച്ചാ
പാദാബ്ജം വെച്ചുനന്നായ്-
തെരുതെരെനടനം
ചെയ്യണം ദൃഹദേവൻ"

"ലോകത്തിൻ രക്ഷ സൂര്യോ-
ദയമതിനുപുര
സ്സാരികാതാരികെനീ.
ശോകത്തിൻകെട്ടഴിച്ചീമനു-
ജകുലമതിൽ
രക്ഷയെപ്പെററമൂല്യം
ശ്ലോകത്തിൽ കാവ്യമോതാ-
നൊരു ചെറുവര
മെന്നാവിനും നൽകിടാനായ്
പാകത്തിൽ പുത്രനെത്തൻ-
ചെറുതൊരു
ചലനാൽ ചോദനം ചെയ്തി-
ടേണം.

കൃശ്രൂയുദ്ധത്തിൽ ഫ്റാൻസിലെ ളൂയീസ് രാജാവിനും രാജ്യത്തിനുമുണ്ടായ അനുഭവമാണു് നാടകത്തിലെ ഇതിവൃത്തം. സാഹിത്യപരമായും, മതപരമായും, സാമുദായികപരമായും, പ്രകീർത്തിക്കുന്ന 9-ാമത്തെ ളൂവീസ് രാജാവിൻെറ ജീവിത വിജയത്തെ ആസ്പദമാക്കി ആനന്ദ പര്യവസായിയായി എഴുതിത്തീർത്തിട്ടുള്ള ഒരു ഒന്നാംതരം നാടകമാണു് ശോഭരാജവിജയം.

2) കൃപാവതി ആണു് രണ്ടാമത്തെ കൃതി. സ്ത്രീവിദ്യാഭ്യാസം, സാമൂഹ്യസേവനം മുതലായ വിഷയങ്ങളിൽ കൃസ്ത്യാനികൾ വേണ്ടത്ര ശ്രദ്ധ പതിക്കണമെന്നുൽബോധിപ്പിക്കുന്ന മറെറാരു കൃതിയാണു് കൃപാവതി. ഇതും ആനന്ദ പര്യവസായിയായ ഒരു നാടകം ആണു്. രണ്ടുമൂന്നു പദ്യങ്ങൾ ഉദ്ധരിക്കാം.

"ഉപ്പും സ്നേഹവുമെന്നരണ്ടു-
വിഷയം
സ്വല്പംവിധം മാററമാ-
യൊപ്പം മാനുഷ ഭക്ഷ്യകമ്മ-
മതുകൾ-
ക്കെല്ലാംരസം നൽകിടും
ഉപ്പില്ലാതെ പചിച്ച സാധ-
നമതി-
ന്നൊട്ടും രസംവന്നിടാ
സ്വല്പം പാകമതിക്രമിച്ചു-
ലവണം
ചേൻനീടുകിൽ കയ്ച്ചുപോം"

"അമ്മേയെന്തിനു രാജപാത-
യതിലീ
മദ്ധ്യാഹ്നസൂര്യോഷ്മവും
കമ്മായത്തൊടുചേൻ കല്ലൊ-
ടിയതിൻ
കൂട്ടം പറക്കുന്നതും
തന്മേലേറു വിയത്തുവീഴമ-
തുപോൽ
മാലെറു നില്ക്കുന്നഹോ
ചെമ്മേരണ്ടടി മുമ്പിൽവച്ചു-
തിരികിൽ
പിന്നെത്തദാനീം വഴി"

ഐക്യകേരള ട്രെയിഡേഴ്സ് ഇൻവെസ്റ്റ്മെൻറസ്,
മുട്ടമ്പലം P. O. കോട്ടയം
ഇൻവെസ്റ്റ്മെൻറസിൽനിന്നും പല ചിട്ടികൾ നടത്തിയിരുന്നു. ഒരു ചിട്ടിവട്ടാവസാനമാകയാൽ പുതിയ വർഷാരംഭത്തോടുകൂടി ഒരു പുതിയ പ്രതിമാസലേലച്ചിട്ടികൂടി ആരംഭിച്ചു നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.
മാനേജർ.

### ഖണ്ഡകാവ്യങ്ങൾ.

1) ശോശന്നാചരിതം.

ഇസ്രായേൽ ജനം ബാബിലോൺ ദാസ്യത്തിൽ കഴിഞ്ഞിരുന്ന കാലത്തു് ജീവിച്ചിരുന്ന ശോശന്ന എന്ന യുവതിയെ അതിജീവിച്ചു് എഴുതിയതാണീ ഖണ്ഡകാവ്യം. സദ്വൃത്തിക്കും ദുർവൃത്തിക്കും രക്ഷണശിക്ഷണങ്ങളെ പ്രകാശിപ്പിക്കുന്ന ഒന്നാണു് ഈ ഖണ്ഡകാവ്യം.

(മഞ്ജരി)

"കത്താവിൻലോകരാമിസ്രാ-
യേലക്കാലം
ഭത്താവാം രാജാവില്ലാതെ-
വാണു.
കർമ്മാചാരങ്ങളും കാര്യവാദ-
ങ്ങളും
ധർമ്മാചാരംപോൽ വിധിപ്പാ-
നായി
ഖണ്ഡംതിരിക്കാതാ ജാതി-
ക്കൊട്ടുക്കഹോ
ദണ്ഡനാധികാരം പ്രാപി-
ച്ചോരായ്
ഖണ്ഡിതപ്പൊണ്ണരായ് വാ-
ണിരുമൂപ്പന്മാർ
വദ്ധിത ദുഷ്ടശിരോമണി-
കൾ."

"ആരുമിതൊന്നുമറിയി-
ല്ലെന്നു്
നേരേപറവാൻ തുനിഞ്ഞതു-
നോക്കുമ്പോൾ
ചേരുമോ നിങ്ങൾക്കളെന്ത-
മ്പോടു്:
ആരാമവാതിലടച്ചതു് കൊ-
ണ്ടിനി
യാരുമേ കാണുകയില്ലെന്നതു്.
നേരായവാക്കോ നിനച്ചോ-
ന്നുനോക്കുവിൻ
പാരാകെസർവ്വേശൻ മു-
മ്പിലല്ലെ?
മാനുഷർതൻമുമ്പിൽ ചെയ്യാ-
ത്തൊരീ ദുഷ്കൃത്യം
വാനവേശൻ മുമ്പിൽചെയ്തി-
ടാമോ
ഇപ്പോൾ നിങ്ങൾചെയ്തരാജ-
വൃത്താന്തങ്ങൾ
എപ്പേരും ഞാനും ഗ്രഹിച്ചി-
ട്ടുണ്ടു്-

2) സാംസോൻചരിതം.

ബൈബിളിലെ സാംസൻെറ അസാധാരണമായ ദേഹശക്തിയും ബുദ്ധിവൈഭവവും വഞ്ചതിമൂലം പററിയ മരണവും എല്ലാം ഭംഗിയായി വർണ്ണിച്ചിട്ടുണ്ടു്.

3. മാർ ഔസേപ്പിൻെറ ജീവചരിത്രം (പദ്യഗ്രന്ഥം)

4. പിഴക്കയേക്കാൾ മരിക്ക.

"താഴാതെത്തട്ടീസ്വരങ്ങൾ
പിഴക്കയേക്കാൾമരിക്കയെന്നു്.
വൻഗുഹകളിലെല്ലാററിലു-
മെൻസ്വരങ്ങളെത്തീട്ടതിൽ
മുഴങ്ങും മാറെറാലിചൊല്ലട്ടെ
പിഴക്കയേക്കാൾമരിക്കയെന്നു്.

ദിച്ചു വാങ്ങി അവർ കാൺകെ ഭക്ഷിച്ചു. പോരെങ്കിൽ, മൂശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും തന്നെപ്പററി പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ വിശദമായി വ്യാഖ്യാനിച്ചു് അവരെ മനസ്സിലാക്കുകയും ചെയ്തു. ഇത്രയെല്ലാം കഴിഞ്ഞപ്പോഴാണു് ശിഷ്യരുടെ കണ്ണുതുറക്കപ്പെട്ടതും അവരുടെ വിശ്വാസം പൂർത്തിയായതും.

അങ്ങനെയിരിക്കെ, പ്രസ്തുത അവസരത്തിൽ സന്നിഹിതനല്ലാതിരുന്ന തോമ്മാ, പിന്നീടു തന്റെ ദിവ്യഗുരുവിനെ നേരിട്ടു കണ്ടശേഷംമാത്രം അവിടത്തെ ഉത്ഥാനത്തിൽ വിശ്വസിച്ചൊള്ളു എങ്കിൽ തൽകാരണത്താൽ അദ്ദേഹത്തെ അവിശ്വാസിയായി ചിത്രീകരിക്കുന്നതിനു ന്യായമില്ല. മററുള്ള ശിഷ്യന്മാർ പ്രദർശിപ്പിച്ചതിൽ കവിഞ്ഞുള്ള ഒരു വിശ്വാസക്കുറവു തോമ്മായിൽ ആരോപിക്കുന്നതിനു സാദ്ധ്യമല്ല; എന്നല്ല, മററുള്ളവക്കു ലഭിച്ചത്ര തെളിവുകൾ കൂടാതെയാണു തോമ്മാ തന്റെ ദിവ്യഗുരുവിന്റെ ഉത്ഥാനത്തിൽ പരിപൂർണ്ണമായി വിശ്വസിച്ചതു എന്നതാലോചിക്കുമ്പോൾ തോമ്മായുടെ വിശ്വാസം മററുള്ളവരുടേതിനേക്കാൾ മാററു കൂടിയതായിരുന്നു എന്നു സമ്മതിക്കേണ്ടതായും വരുന്നു. എന്നാൽ പത്രോസിനു തന്റെ സ്നേഹാധിക്യം പ്രകാശിപ്പിക്കുന്നതിനെന്നപോലെ, സുധീരനായ തോമ്മാസ്സു തന്റെ വിശ്വാസദാർഢ്യം പരസ്യമായി പ്രകടിപ്പിക്കുന്നതിനും, അങ്ങനെ തോമ്മാ ഉൾപ്പെടെ, ശിഷ്യന്മാരെല്ലാവരും പ്രദർശിപ്പിച്ച അവിശ്വാസത്തിനു പരിഹാരം ചെയ്യുന്നതിനും നമ്മുടെ ദിവ്യനാഥൻ തിരുമനസ്സായി. അതുകൊണ്ടാണു, "നീ അവിശ്വാസിയാകാതെ, വിശ്വാസിയായിരിക്കുക" എന്നു പ്രത്യേക ആഹ്വാനം തോമ്മാസ്സു നൽകിയതു്. മററു ശിഷ്യരുടെ സംഗതിയിൽ, "താൻ ഉയത്തെഴുന്നേററതു കണ്ടവരെ വിശ്വസിക്കാതിരുന്നതുകൊണ്ടു അവരുടെ വിശ്വാസക്കുറവിനേയും അവരുടെ ഹൃദയകാഠിന്യത്തേയും ശാസിച്ചു"തായി രേഖയുണ്ടു്. (മർക്കോസ് 16. 14) എന്നാൽ തോമ്മാസ്സു ലഭിച്ചതുപോലെ "നീ വിശ്വാസിയായിരിക്കുക" എന്നൊരു പ്രത്യേക ആഹ്വാനം അവരിലാർക്കും ലഭിച്ചതായി കാണുന്നില്ല. തോമ്മായാകട്ടെ, തന്റെ ഗുരുവിന്റെ ഇംഗിതം ശരിക്കു മനസ്സിലാക്കി. തനിക്കും മററുള്ളവർക്കുംവേണ്ടി അതിഗംഭീരമായ ആ വിശ്വാസപ്രഖ്യാപനം, ആ സത്യപ്രതിജ്ഞ ദൃഢസ്വരത്തിൽ ഉച്ചരിച്ചു. ഈശോ പ്രീതിതനായി, വാത്സല്യപൂർവ്വം തോമ്മായെ വീക്ഷിച്ചു. നമ്മുടെ പിതാവിന്റെ ജീവിതത്തിൽ അവിസ്മരണീയമായ ഒരു രംഗംതന്നെയായിരുന്നു അതു്. എന്നാൽ ലോകപരിത്രാണനാർത്ഥം അവതരിച്ച ദിവ്യപുത്രന്റെ പ്ളാൻ അതുകൊണ്ടും പൂർത്തിയായില്ല. അനന്തരകാലങ്ങളിൽ, അതിവിദൂരങ്ങളായ ദേശങ്ങളിൽ, തന്റെ ദൂതന്മാർവഴി തന്റെ സന്ദേശം സ്വീകരിച്ചു, തന്നിൽ വിശ്വസിക്കുന്ന സഹസ്ര ലക്ഷങ്ങൾക്കു ഒരു അഭിനന്ദനംകൂടി രേഖപ്പെടുത്തേണ്ടതു ആവശ്യമായിരുന്നു. ആകയാൽ ഈശോ തോമ്മായേക്കാൾ (തോമ്മായുടെ പിന്നിലായി മററു ശിഷ്യരോടും; കാരണം അവരും തന്നെ കണ്ടതുകൊണ്ടാണല്ലോ വിശ്വസിച്ചതു.) ഇപ്പോൾ നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ! എന്നരുളിച്ചെയ്തു. (യോഹന്നാൻ 20. 29.) അങ്ങനെ നമ്മുടെ ദിവ്യരക്ഷകൻ തന്റെ ശിഷ്യഗണത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും, അവരുടെ കഴിഞ്ഞ കാലത്തെ വിശ്വാസക്കുറവിനെ സ്നേഹസമന്വിതം കുററപ്പെടുത്തുന്നതിനും, ലോകാവസാനംവരെ തന്നിൽ വിശ്വസിക്കുവാനിരിക്കുന്നവരെ അഭിനന്ദിച്ചു പ്രോത്സാഹിപ്പിക്കുന്നതിനും നമ്മുടെ പിതാവായ മാർത്തോമ്മായെ ഒരു കരുവായി ഉപയോഗപ്പെടുത്തുകയാണുണ്ടായതു്.

ഇതുവരെ പ്രസ്താവിച്ച സംഗതികളിൽനിന്നു ഒന്നുരണ്ടു കാര്യങ്ങൾ വ്യക്തമാകുന്നുണ്ടു്. തോമ്മാശ്ലീഹാ ഒരു തൊട്ടുവിശ്വാസിയായിരുന്നില്ലെന്നുള്ളതാണു ആദ്യത്തെ നിഗമനം. ദിവ്യഗുരുവിന്റെ കൈകാലുകളിലേയും വിലാപ്പുറത്തേയും തിരുമുറിവുകൾ സ്പർശിക്കുന്നതിനുള്ള അമൂല്യവും ഉദാരപരവുമായ ഒരു ക്ഷണം വി. തോമ്മാസ്സു ലഭിയ്ക്കുകയുണ്ടായി എന്നതു ശരിയാണു. പക്ഷെ അതനുസരിച്ചു പ്രവർത്തിക്കുന്നതിനു തനിക്കു ആവശ്യമുണ്ടായില്ല. അങ്ങനെയൊരു സ്പർശനംകൂടാതെ തന്നെ തോമ്മായുടെ വിശ്വാസം അതിന്റെ പരമകാഷ്ഠയിൽ എത്തിക്കഴിഞ്ഞു. അതോടെ, അതിഗഹനവും സമഗ്രസുന്ദരവുമായ ആ സത്യവാചകം തന്റെ ഹൃദയത്തിന്റെ അഗാധത്തിൽനിന്നു നിർഗ്ഗമിച്ചും കഴിഞ്ഞു. "തോമ്മാ, ഇപ്പോൾ നീ എന്നെക്കണ്ടതുകൊണ്ടു വിശ്വസിച്ചു" എന്നാണല്ലൊ ഈശോ അരുളിച്ചെയ്തതും തൊട്ടതുകൊണ്ടു വിശ്വസിച്ചു എന്നുള്ള ദിവ്യഗുരുവിന്റെ തിരുമുറിവുകളിൽ സ്പർശിച്ചിട്ടാണു തോമ്മാ വിശ്വസിച്ചതെങ്കിൽ അവിടന്നു തീർച്ചയായും അപ്രകാരം അരുളിച്ചെയ്യുമായിരുന്നു. ആകയാൽ തോമ്മാശ്ലീഹായെ തൊട്ടുവിശ്വാസിയായി ചിത്രീകരിക്കുന്നതു തികച്ചും അടിസ്ഥാനരഹിതമാണെന്നു സിദ്ധിക്കുന്നു. തന്നെ അവിശ്വാസിയെന്നു ആക്ഷേപിക്കുന്നതും യുക്തിയുക്തമല്ല. മററു ശിഷ്യന്മാർ പ്രദർശിപ്പിച്ചതിൽ കവിഞ്ഞുള്ള വിശ്വാസക്കുറവു തോമ്മായിലും ഉണ്ടായില്ല. മാത്രമല്ല, അവരേക്കാൾ കൂടുതൽ വിശ്വാസചൈതന്യമുള്ളവനായിട്ടാണു തോമ്മാ പ്രത്യക്ഷപ്പെട്ടതു്. ചുരുക്കിപ്പറഞ്ഞാൽ, തന്റെ [illegible] മന്ദിച്ച അവിശ്വാസിയല്ല, ഉന്മേഷഭരിതനും ധീരപരാക്രമിയുമായ ദൃഢവിശ്വാസിയായിരുന്നു നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ.



എറണാകുളത്തുവച്ചു ജൂലൈ 3—ാംനു- പേപ്പൽ ബഹുമതി നൽകപ്പെട്ട അവസരത്തിൽ എടുത്ത ഫോട്ടോ. എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ആസനസ്ഥനായിരിക്കുന്നു. തിരുമനസ്സിലെ വലതുഭാഗത്തു പേപ്പൽ ബഹുമതി ലഭിച്ച റൈററ് റവ. മോൺ. മാത്യൂ പോത്തനാമൂഴി, വെറി. റവ. മോൺ. വറുഗീസ് പുതുശേരി, ഷെവ. തയ്യിൽകുഞ്ഞിത്തൊമ്മൻ ഷെവ. എ. സി. എം. അന്ത്രപ്പേർ, പ്രൊ എക്ലേസിയാ എത് പൊന്തിഫിച്ചേ മെഡൽ ലഭിച്ച ശ്രീ.എ.വി.മൂത്തേടൻ, ഇടതുവശത്തു മൂന്നാമതായി ഷെവ: തച്ചിൽ ജോനി വറിയതു്, നാലാമതു് പ്രൊ എക്ലേസിയാ എത് പൊന്തിഫിച്ചേ മെഡൽ ലഭിച്ച പിട്ടാപ്പിള്ളിൽ കൊച്ചുതുപ്പു് ഇവർ ആസനസ്ഥരായിരിക്കുന്നു. (Photo by Royal Studio Ernakulam)

CHRISTIAN MUSICOLOGICAL SOCIETY OF INDIA





# ശതാബ്ദജൂബിലിയാഘോഷം സംബന്ധിച്ചു കേരളത്തിലെ കത്തോലിക്കാ രൂപതാദ്ധ്യക്ഷന്മാർ പ്രസിദ്ധപ്പെടുത്തുന്ന രണ്ടാമത്തെ

# സംയുക്ത ഇടയലേഖനം



വന്ദ്യസഹോദരരേ, പ്രിയമക്കളേ,

നമ്മുടെ മാതൃരാജ്യത്തിന്റെ അപ്പസ്തോലന്മാരായ വി. തോമാശ്ലീഹായുടേയും, വി. ഫ്രാൻസീസ് സേവ്യറിന്റെയും ശതാബ്ദജൂബിലി സംബന്ധിച്ചുള്ള ആഘോഷങ്ങളിൽ നിർണ്ണിഷ്ടങ്ങളായ ഉൽഘാടനകർമ്മങ്ങളും പൂർണ്ണതയോടുകൂടിയ മലയാറ്റൂർ കുരിശുമലയിലേയ്ക്കുള്ള തീർത്ഥാടനവും കഴിഞ്ഞിരിക്കയാണല്ലോ. ജൂബിലിവർഷം സംബന്ധിച്ച പലയവസരങ്ങളിലായി ഇനിയും നടത്തേണ്ട ആഘോഷപരിപാടികളെപ്പറ്റിയും, അപ്പസ്തോലന്മാരുടെ സ്മരണയെ നിലനിർത്തിക്കൊണ്ടുപോരുന്നതിനു പര്യാപ്തമായ സ്മാരകങ്ങൾ സ്ഥാപിക്കുന്നതിനെപ്പറ്റിയും ഒരിക്കൽകൂടി നിങ്ങളെ അനുസ്മരിപ്പിക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

## ആഘോഷപരിപാടികൾ

1. ജൂലൈ 3–ാംതീയതി അഥവാ അതുകഴിഞ്ഞുവരുന്ന ഞായറാഴ്ച ഓരോഇടവകയിലും, ഇടവകകൾ സംയോജിച്ചും മതപ്രചരണയോഗങ്ങൾ നടത്തുക.

2. ഡിസംബർ 3–ാംതീയതി വിൻസെന്റ് ഡിപോൾ, ഫ്രാൻസിസ്കൻ മൂന്നാംസഭ മുതലായ സഖ്യങ്ങളുടെ ആഭിമുഖ്യത്തിൽ സാമൂഹ്യപ്രവർത്തനയോഗങ്ങൾ നടത്തുക

3. ഡിസംബർ 21–ാംതീയതി വിവിധ കത്തോലിക്കാസംഘടനയുടെ ആഭിമുഖ്യത്തിൽ പൊതുയോഗങ്ങളും റാലിയും നടത്തേണ്ടതാണ്.

4. മൈലാപ്പൂർ മലയാറ്റൂർ, കോട്ടാർ, ഗോവ മുതലായ പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥയാത്രകൾ നടത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

ഇതുസംബന്ധിച്ചു കൂടുതൽവിവരങ്ങൾ തീർത്ഥയാത്രക്കമ്മററിയഥാവസരം അറിയിക്കുന്നതായിരിക്കും.

5. ജൂബിലിയാഘോഷസമാപനം. ഡിസംബർ 28, 29, 30 ഈ തീയതികളിൽ ദിവ്യകാരുണ്യസമ്മേളനങ്ങൾ, വിവിധസമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ള പൊതുസമ്മേളനം. ഡിസംബർ 31–ദിവ്യകാരുണ്യപ്രദക്ഷിണം. സമാപനചടങ്ങുകളെല്ലാം എറണാകുളത്തുവച്ചാണു നടത്തുന്നതു്.

വന്ദ്യസഹോദരന്മാരേ, പ്രിയമക്കളേ, നമ്മുടെരാജ്യത്തിന്റെ അപ്പസ്തോലന്മാരുടെ നേർക്കുള്ള നമ്മുടെ കടപ്പാടിനെയും ഭക്തിയേയും നമ്മിൽ ഉത്തേജിപ്പിക്കുന്നതിനു ക്രൈസ്തവ ചൈതന്യം നമ്മിൽ പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ ഈ ആഘോഷപരിപാടികൾക്കു പുറമേ, ഈ ശതാബ്ദജൂബിലിവർഷത്തിന്റെ സ്മരണയെ നിലനിർത്തുന്നതിനും അപ്പസ്തോലന്മാരുടെ വേലയെ തുടർന്നുകൊണ്ടുപോകുന്നതിനും മിഷ്യൻരംഗങ്ങളിലേയ്ക്കു ദൈവവിളിയുള്ള യുവാക്കളെ പ്രോത്സാഹിപ്പിച്ചു പരിശീലനംനൽകി അയയ്ക്കുന്നതിനും ആവശ്യമായ മൂലധനം ഏർപ്പെടുത്തുകയും, പാർപ്പിടമില്ലാതെയും ജീവസന്ധാരണത്തിനു മാർഗ്ഗമില്ലാതെയും ക്ലേശിക്കുന്നവരെ ഒരു സഹകരണാടിസ്ഥാനത്തിൽ കോളനികൾ സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകുകയും ചെയ്യണമെന്ന് ജൂബിലിയാഘോഷക്കമ്മററി നിശ്ചയം ചെയ്തിട്ടുണ്ട്. സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ചുള്ള മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിലെ തത്വമനുസരിച്ചു രൂപമുണ്ടാക്കിക്കൊടുത്തു നമ്മുടെ സഹോദരങ്ങളെ സഹായിക്കുന്നതിനു പര്യാപ്തമായ ഈ കോളനൈസേഷൻപദ്ധതി എല്ലാവരും സ്വാഗതം ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വിപുലമായതോതിലുള്ള ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു ഒരു വമ്പിച്ചതുക വേണ്ടിവരുമെന്നു നിങ്ങൾക്കറിയാമല്ലോ. മതപ്രചരണത്തിലുള്ള തീക്ഷ്ണതയും സാധുജനോദ്ധാരണത്തിലുള്ള താല്പര്യവും നിമിത്തം ഉദാരമായ സംഭാവനകൾ നൽകി ഈ സംരംഭത്തെ നിങ്ങളേവരും സഹായിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഇതു് സംബന്ധിച്ചു ലഭിക്കുന്ന സംഖ്യയുടെ തോതനുസരിച്ചു ഞങ്ങളുടെ നിർദ്ദേശാനുസരണം മേൽ വിവരിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്. പണപ്പിരിവിനായി പ്രത്യേകം നിയുക്തരായിട്ടുള്ള കമ്മററിക്കാർ ഇടവകകൾതോറും സഞ്ചരിച്ചു സംഭാവനകൾ സ്വീകരിക്കുന്നതാണ്. ഇടവകയിലുള്ള എല്ലാവരേയും സമീപിക്കുവാൻ കമ്മററിക്കാർക്കു സാധിച്ചുവെന്നു വരുന്നതല്ല. അതുകൊണ്ട് ഓരോ ഇടവകയിലും ബ. വികാരിയുടെ നേതൃത്വത്തിൽ കമ്മററി രൂപീകരിച്ചു് ഇടവകാംഗങ്ങൾ എല്ലാവരിൽ നിന്നും പിരിവുനടത്തി, പള്ളിയുടെ സ്ഥിതിയനുസരിച്ചുള്ള ഒരു തുകയോടുകൂടി രൂപതാദ്ധ്യക്ഷനെ ഏല്പിക്കേണ്ടതാണ്. രൂപതയിൽ നിന്നുള്ള സംഭാവനയും ചേർത്തു് ഈ സംഖ്യ ജൂബിലിക്കമ്മററിയെ ഏല്പിക്കുന്നതായിരിക്കും.

ഈ ജൂബിലിയാഘോഷങ്ങൾ നിങ്ങളിൽ ക്രിസ്തീയ ചൈതന്യം വളർത്താനിടയാകട്ടെ എന്നാശംസിക്കുകയും, ഇവയുടെ വിജയകരമായ നടത്തിപ്പിലേയ്ക്കു നിങ്ങളേവരുടെയും ഉള്ളഴിഞ്ഞുള്ള സഹായസഹകരണങ്ങളുണ്ടാകണമെന്ന് നിങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തുകൊണ്ടു + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞങ്ങൾ ആശീർവദിക്കുന്നു.

+ മാർ അഗസ്റ്റിൻ കണ്ടത്തിൽ,
എറണാകുളം മെത്രാപ്പോലീത്താ.

+ മാർ ഇവാനിയോസ്,
തിരുവനന്തപുരം മെത്രാപ്പോലീത്താ.

+ ജോസഫ് അട്ടിപ്പേററി,
വരാപ്പുഴ മെത്രാപ്പോലീത്താ.

+ മാർ സെവേറിയോസ്,
തിരുവല്ലാ മെത്രാൻ.

+ വിൻസെന്റ് ഡിറേരാ ഒ. സി. ഡി.,
തിരുവനന്തപുരം മെത്രാൻ.

+ ജറോം ഫർണാണ്ടസ്,
കൊല്ലം മെത്രാൻ.

+ റി. റോച്ച് ആഞ്ജിസ്വാമി എസ്സ്. ജെ.
കോട്ടാർ മെത്രാൻ.

+ ജോർജ്ജ് ആലപ്പാട്ട്,
തൃശ്ശൂർ മെത്രാൻ.

+ തോമ്മസ് തറയിൽ,
കോട്ടയംമെത്രാൻ.

+ ആൽഡസ് എം. പത്രോണി എസ്സ്. ജെ.
കോഴിക്കോട്ട് മെത്രാൻ.

+ അംബ്രോസ് ഒ. സി. ഡി.,
വിജയപുരം മെത്രാൻ.

+ മാത്യു കാവുകാട്ട്,
ചങ്ങനാശേരി മെത്രാൻ.

+ സെബാസ്റ്റ്യൻ വയലിൽ,
പാലാ മെത്രാൻ.

+ ഫ്രാൻസീസ് ഫിഗ്റേഡോ,
കൊച്ചി അഡ്മിനിസ്ത്രേറ്റർ
അപ്പസ്തോലിക്ക്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS